26-10-2020-ലെ G.O.(Ms) 80/2020/Agri നമ്പർ ഉത്തരവുപ്രകാരം "കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾസ്" എന്ന പേരിൽ അടിസ്ഥാന വില പ്രഖ്യാപിച്ചുകൊണ്ടുള്ള പദ്ധതിയിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. ഓരോ വിളയ്ക്കും പ്രഖ്യാപിച്ച അടിസ്ഥാന വില അനുബന്ധമായി ചേർക്കുന്നു.*

(ബി) പഴം-പച്ചക്കറി താങ്ങുവില സമയബന്ധിതമായി കർഷകർക്ക് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. "കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ്" എന്ന പദ്ധതി പ്രകാരം 2020-21 വർഷത്തിൽ 2712 കർഷകർക്ക് 3.021 കോടി രൂപ നൽകിയിട്ടുണ്ട്. കൂടാതെ 2187 കർഷകർക്ക് 1.54 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഹോർട്ടികോർപ്പ് അഴിമതിയിലെ വിജിലൻസ് പരിശോധന

66 (2785) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിലെ സർക്കാരിന്റെ കാലത്ത് ഹോർട്ടികോർപ്പിൽ അഴിമതി നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

2011-16 കാലയളവിൽ ഹോർട്ടികോർപ്പിൽ നടന്ന അഴിമതിയുമായി ബന്ധപ്പെട്ട് മൂന്ന് വിജിലൻസ് അന്വേഷണങ്ങൾ (വി.ഇ 08/2016/എസ്.ഐ.യു-2, വി.ഇ.03/2018/ഇടുക്കി, വി.ഇ.01/2018/കെ.എസ്.ഡി.) ഒരു മിന്നൽ പരിശോധന (എസ്.സി.35/2014/എസ്.ഐ.യു.1), രണ്ട് സത്വരാന്വേഷണങ്ങൾ (കൃവി. 04/ 2015/ എസ്.ഐ.യു.1, കൃവി.21/ എസ്.ഐ.യു.1) എന്നിവ നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കർഷകർക്ക് ലഭിക്കേണ്ട സബ്സിഡി ഉദ്യോഗസ്ഥർ തട്ടിയെടുത്തതായി വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ?

ഇല്ല.

(സി) ഹോർട്ടികോർപ്പിലെ അഴിമതി സംബന്ധിച്ച് നടക്കുന്ന വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങളുടെ വിശദാംശങ്ങൾ നൽകാമോ?

ഹോർട്ടിക്കോർപ്പിലെ അഴിമതി സംബന്ധിച്ച് നടക്കുന്ന വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly